**Mr. A. Sankara Poduval.**—This is a very important matter and this again is an encroachment on our privileges. Standing Order 64 says "Unless the President otherwise directs not less than fifteen days' notice of a motion for leave to amend the Standing Orders shall be given and the notice shall be accompanied by a draft of the proposed amendments". We have not had this fifteen days' time. This is an important matter affecting the privileges of the House and I pray that the President may not be pleased to condone this time limit.

**Mr. Thomas Manjuran.**—If the Hon'ble Members think that they have not got sufficient notice Government is not particular that this should be moved this time. It may be put off.

**Mr. A. Sankara Poduval.**—I pray that the President may not be pleased to exempt it from the operation of Standing Order No. 64 and that this may come up at the next meeting of the Council in Kumbham.

**Deputy President.**—I rule that this may be taken up during the next meeting.

## Resolutions:— 1—Birth-control clinics.

**Mr. K. Ayyappan.**—The resolution standing in my name runs as follows:—

"This Council recommends to the Government to open Birth-control clinics in at least the important Hospitals of the State."

സർ, ഒരു കൊല്ലത്തിനുമുമ്പു് ഈസഭ ഉപേക്ഷിച്ച ഒരു നിശ്ചയമാണിതു്. അതിനുശേഷം ഈവിഷയത്തെസംബന്ധിച്ചു് ഇൻഡ്യയിൽ എന്നല്ല ലോകത്തിലാകെ പൊതുജനാഭിപ്രായം ഈകാര്യത്തിനു അനുകൂലമായി വളരെ ശക്തിപ്പെട്ടിട്ടുണ്ടു്. ഈയിടെ കൽക്കത്തയിൽ വച്ചുകൂടിയ സർവ്വേന്ത്യ സ്ത്രീസമ്മേളനത്തിൽ ജനനിയന്ത്രണത്തിനു അനുകൂലിച്ചു ഒരു നിശ്ചയം പാസാക്കുകയുണ്ടായി. മദിരാശിയിൽവച്ചുകൂടിയ സ്ത്രീസമ്മേളനത്തിൽ ഈകാര്യത്തെപ്പറ്റി അന്വേഷണം ചെയ്യുന്നതിനു് ഒരു വിദഗ്ധകമ്മിറ്റിയെ നിയമിക്കുകയുണ്ടായി. ഇവരുടെയെല്ലാം അഭിപ്രായംകൂടി അറിഞ്ഞതിനുശേഷമായിരിക്കണം കൽക്കത്തയിൽവച്ചു നടന്ന സമ്മേളനത്തിൽ സ്വീകരിച്ച ഈനിശ്ചയം പാസാക്കുവാൻ ഇടയായതു്. കൽക്കത്തയിൽ ഈ നിശ്ചയം ആലോചനക്കുവന്നപ്പോൾ വിവാഹംചെയ്യാത്ത ചെറുപ്പക്കാരികളായ ചില സ്ത്രീകൾ ഇതിനെ എതിർക്കുകയുണ്ടായി. ഈനിശ്ചയം അവതരിപ്പിച്ചതു് അഞ്ചുമക്കളുള്ള ഒരു സ്ത്രീയായിരുന്നു. വിവാഹംകഴിയാത്ത യുവതികൾ ഈകാര്യത്തിൽ എതിരുപറയുന്നതു് കാര്യവിവരക്കേടുകൊണ്ടും വെറുംസെൻറിമെൻറലിറ്റികൊണ്ടുമാണെന്നും അസ്ത്രീ പറയുകയുണ്ടായി. ജനങ്ങൾ ജനനനിയന്ത്രണജ്ഞാനം ഒരുപായോഗപ്പെടുത്തുകയും സമ്മാർഗ്ഗം അപകടത്തിലാകയും ചെയ്യുമെന്നാണു് സാധാരണ ജനനനിയന്ത്രണത്തിനു എതിരായി

LIBRARY ARCHIVES Kerala Legislative Assembly

പറയുന്ന ന്യായം, ജനനനിയന്ത്രണം ഉപയോഗപ്പെടുത്തുന്നവർ ഇപ്പോഴും അങ്ങനെ ചെയ്യുന്നുണ്ട്. ജനനനിയന്ത്രണം നല്ല നിലയിൽ ഉപയോഗപ്പെടുത്തുവാൻ ആവശ്യമുള്ളവർക്ക് അതുകൊണ്ടു യാതൊരു ഉപദ്രവവും വരാതിരിക്കുവാൻ വേണ്ടതു ഗവൺമെൻറു ചെയ്യണമെന്നാണ് എന്റെ നിശ്ചയംകൊണ്ടു ആവശ്യപ്പെടുന്നതു്. ഗവൺമെൻറ് ഈ സഹായം ചെയ്തുകൊടുത്താലും ഇല്ലെങ്കിലും ജനനനിയന്ത്രണത്തെപ്പറ്റിയുള്ള അറിവു് ജനങ്ങളുടെയിടയിൽ ധാരാളം പ്രചരിച്ചുകഴിഞ്ഞിട്ടുണ്ടു്. അതിനുള്ള മാർഗ്ഗങ്ങളും പരക്കെ അറിഞ്ഞുടങ്ങിയിട്ടുണ്ടു്. അതിനു വേണ്ട സൌകര്യങ്ങളും ഇപ്പോൾ വന്നുകഴിഞ്ഞിരിക്കുന്നു. ഇനി അതുകൊണ്ടുള്ള ദോഷങ്ങൾ നേരിടാതെ നോക്കേണ്ടതു ഉത്തരവാദിത്വബോധമുള്ള ഗവൺമെൻറിന്റെ ചുമതലയാണു്. മൈസൂർ ഗവൺമെൻറു ആ ചുമതലാബോധം പ്രത്യക്ഷപ്പെടുത്തി. മദിരാശി ഗവൺമെൻറും ഇപ്പോൾ അതു പ്രത്യക്ഷപ്പെടുത്തികഴിഞ്ഞിട്ടുണ്ടു്. കൊച്ചി ഗവൺമെൻറ് ഒരു കൊല്ലം മുമ്പെ ഇതു് പ്രത്യക്ഷപ്പെടുത്തണമെന്നു് ഞാനപേക്ഷിച്ചപ്പോൾ വെറും സെൻറിമെൻറലിസം കൊണ്ടു്, അശ്രദ്ധാലുത്വം ആലോചനയില്ലായ്മകൊണ്ടു്, ലോകഗതിയെപ്പറ്റിയുള്ള അറിവില്ലായ്മകൊണ്ടു്, നിങ്ങളെല്ലാവരുംകൂടി എതിർത്തു് എന്റെ നിശ്ചയം തള്ളിക്കളഞ്ഞു. ഇപ്പോൾ കഴിഞ്ഞ രണ്ടുമൂന്നു മാസത്തിനുള്ളിൽ പ്രമുഖദിനപത്രങ്ങളിൽ ഇതിനെപ്പറ്റിയുള്ള വമ്പിച്ച പ്രതിവാദവിവരങ്ങൾ വളരെ പ്രസിദ്ധംചെയ്തിട്ടുണ്ടു്. അതിൽ നിന്നെല്ലാം ജനനനിയന്ത്രണം വളരെ ഗുണകരവും ആവശ്യവുമായ ഒരു കാര്യമാണെന്നു സ്ഥാപിതമായിട്ടുണ്ടെന്നു കാണാം.

ഒരു സംഗതിക്കു് പറയുവാനുള്ളതു് ജനനനിയന്ത്രണം പ്രകൃതിവിരുദ്ധമാണെന്നുള്ള ചിലരുടെ അഭിപ്രായത്തെപ്പറ്റിയാണു്. നാഗരീകത പ്രകൃതിക്കു് എതിരായി പോകുന്നതുകൊണ്ടു് സിദ്ധിക്കുന്നതാണു്. പ്രകൃതിക്കനുസരിച്ചുതന്നെ ജീവിക്ക എന്നുവെച്ചാൽ ഇന്നിയും നമ്മൾ കാടന്മാരായി അലഞ്ഞുതിരിയണമെന്നാണർത്ഥം. വിവാഹംതന്നെ പ്രകൃതിക്കനുസരിച്ചതാണോ? പ്രകൃതിയിൽ ഒരു സന്മാർഗ്ഗവും ഇല്ല.

**Mr. T. K. Nayar.**—I second it.

**Dr. D. Raghavendra Rao.**—Sir, to such of the people who need any assistance the Government will be willing to ask the medical officers incharge of hospitals to give them the necessary advice. Butthey will not be in a position to give them any contrivances.

**Mr. K. Ayyappan.**—May I know what the Mysore and the Madras Governments are doing?

**Dr. D. Raghavendra Rao.**—No official information is available to be given before this House.

LIBRARY ARCHIVES Kerala Legislative Assembly

**Mr. P. S. Kesavan Nambudiri.**—Will the Government be pleased to get this information?

**Dr. D. Raghavendra Rao.**—As far as my private information goes, the Mysore Government is not supplying contrivances.

**Mr. K. T. Mathew.**—Will the Government do as those Governments in this matter?

**Dr. D. Raghavendra Rao.**—Yes.

**Mr. P. S. Kesavan Nambudiri.**—May I know whether there is any expert in this subject in this State?

**Dr. D. Raghavendra Rao.**—There is no such thing as an expert in this line.

**Mr. Paul Mampilli.**—Sir, I would oppose this resolution. The pros and cons of this resolution were gone into on a previous occasion and I do not think that any new light has been thrown on the subject by the present discussion. Of course I too have read certain articles written by learned authors and experts and I have not found sufficient reason to change the opinion that I have formed on the previous occasion. I do not therefore think that any further argument on my part is called for at this stage.

**Mr. A. Sankara Poduval.**— I too beg to oppose this resolution. It involves two questions. First, is there any necessity for birth-control? Secondly, even if there be any, should it be carried out through the instrumentality of our hospitals? I am opposed to both. The other day the Times of India Weekly, Bombay, published a comparative table of the increase in population in various countries. In India, the increase has been about 33 per cent in fifty years, comparatively less than the other European countries. Infantile mortality in India is very great. There are other factors, our economic depression, our inability to provide for our children properly, causing death. Anyway the increase in the population of the Indian Empire, as a whole has not been found so great as in other European countries. Therefore birth-control, I do not think, is necessary at all from that standpoint. Secondly, if birth-control be necessary it must proceed from a control of the mind, by the exercise of the will power. I am not an advocate for control by any artificial means. A man must restrict his progeny, by abstinence. All other forms of reducing birth or of preventing birth practically amount to criminal offences. The use of artificial appliances is dirty process, it is an unnatural process, it is something without which we have got along in the past. It would disseminate literature which ought not to be placed in the hands of the majority of the people. It has a tendency to corrupt our morals.

LIBRARY ARCHIVES Kerala Legislative Assembly

It has a tendency to spread vice. It affects our health. Upon these grounds I am opposed to the adoption of any contraceptives or other devices to control birth. I am also objecting on another ground, that this is not a matter which should be taught in our public hospitals. These persons who stand in need of these restrictions may resort to their medical men in private and get the necessary advice and carry them out as far as practicable. That our hospitals should be turned into institutions of this kind to disseminate unnatural practices and unholy information upon matters which ought not to be publicly divulged, that is a proposal which seems to be shockingly vicious and irreligious. If at all birth-control be necessary, it should be practised by the exercise of the intellect and the will.

**Deputy President.**—We shall continue till 2-30 and then disperse so that the Members may be able to attend the Garden Party in the evening.

**Mr. C. A. Ouseph.**—I oppose the motion. A great controversy has been recently raging on this topic, especially in the Madras Press led by a father of 13 children who sits in the High Court. It is not my purpose now to deal even casually with that very learned literature which has grown round this thorny question from the economic, from the philosophic, from the ethic, from the moral and other standpoints. I shall content myself with referring to the very prosaic aspect of it, the necessity for birth-control. Before we demand a certain thing, a thing out of the ordinary, a thing which is not quite palatable to the notions that people have been holding about matters, before we demand such a change we must be satisfied thoroughly that the change is necessary. What is the request before the House? The request before the House is that birth-control clinics should be started in the State hospitals. That demand is necessarily based upon certain presumptions. The first is that there is a necessity for birth-control. That again based upon certain other presumptions, one of which and the most talked about is that there is over-population. When we see a Mussolini or a Hitler trying to have more and more children in their respective States—I know of the sterilization ordered by Hitler, what its effect will be on progeny remains to be seen—when a Mussolini stands godfather to hundreds of children on a day, when a Mussolini encourages couples and couples to get married on the same day in St. Peter's, I cannot think that in India where we have not ransacked the possibilities that is available to us, there is an appalling over-population and that it is necessary to control birth. I for one cannot believe that there is any ground for such apprehensions. There are other States, there are other

LIBRARY ARCHIVES Kerala Legislative Assembly

parts of the world, much more civilized than us, which have not adopted birth control, States where the average of the population per square mile is much larger than in our State. There are other places where nature in its productivity is much less charitable to the inhabitants than here—places where a scanty reward always awaits the labour of the people on mother earth. These places have not adopted birth control. There are several such places. There may be places which have adopted birth control. But we must be satisfied that we have a threatening over-population before we venture on a scheme for birth control. When everybody's hand is at the other's throat, when nations are always at war with other nations, when there is a race in armaments, Sir, is not strength of population the main strength of the people, the main strength of the country? We find that Mussolini in Italy is giving presents to new-born babies in encouragement of birth and pensions to the parents responsible for large families. Under such circumstances, Sir, in our land where there is no over-crowding—we are only a small bit in India—where large possibilities yet remain to be explored, where science has not yet opened the several treasures that are available, to ask us that we should have birth-control, is something for which I cannot easily nod.

**Mr. K. Ayyappan.**—May I know whether Mussolini and Hitler are against birth-control?

**Mr. C. A. Ouseph.**—I would like to know whether they are for birth-control, and it has not been stated that they are for birth-control.

Now, Sir, I will come to another aspect of it. There may be cases where conception, pregnancy and birth would be positively dangerous to the individual concerned. Cases are not rare where doctors give advice that pregnancy is fatal. We need not look far to find examples of it. But we do not want to open special public birth-control clinics for such purpose. If a particular person cannot bear children, if a particular person is too weak to stand the strain of pregnancy, go to the doctor and there he is available in the hospital. Where then is the necessity for regular birth-control clinics in the hospitals in the State?

Then again, Sir, from the moral point of view. The effect of opening such birth-control clinics, openly preached and openly practised, we have yet to see. I cannot imagine what the effect of it will be when ages have passed. What is it that is asked of us? My Hon'ble friend the Member for South Ezhuvas dilated upon this, that all civilisations are a fight against nature. I beg to differ. There is Nature and Nature. Where we are doing the right thing, where we are doing something for the progress of the people and where Nature comes against us we try and

LIBRARY ARCHIVES Kerala Legislative Assembly

conquer her. Forexample, we have to cross the seas and lest we drown and die we make sea-worthy vessels. When there are mountains in our way and have to be transacted we make, say, a tunnel. But what is this? Some, who want to have the enjoyment of actions, wants to avoid the obligations of it. Is it not immoral? You want your passions to be satisfied and yet not to bear the resultant burdens, the consequence of your enjoyment. (*hear, hear*). Is it not revolting to human nature? You are given the power to control yourself. Do you want to remain a man or to unman yourself? The result of this resolution is an acceptance of defeat, an admission that the human will cannot control human nature. That, Sir, is dangerously immoral and will contribute to continued slavery. I oppose the resolution. (*hear, hear*).

മിസ്റ്റർ എം. കൃഷ്ണമേനോൻ.—ഈ പ്രമേയം മുന്നോട്ടു വയ്ക്കുന്നതായാൽ പ്രകൃതിവിരുദ്ധമായിട്ടുള്ള ഒരു വികൃതിയാണ് എന്നാണ് എന്റെ അഭിപ്രായം. പരിഷ്കൃത രാജ്യങ്ങളാണെന്നു നാം വിചാരിക്കുന്ന ചില രാജ്യങ്ങളിൽ ഈ സംഗതി പരീക്ഷിച്ചു് ഉപേക്ഷിച്ചുകഴിഞ്ഞിരിക്കുന്നു. മദ്രാസ് സംസ്ഥാനത്ത് ഇതിനെപ്പറ്റി ഇപ്പോൾ ബഹളംകൂട്ടിവരുന്നുണ്ടു്. എന്നാൽ അവിടെയും വളരെ അഭിപ്രായവ്യത്യാസം കാണുന്നുണ്ടു്. എന്തുകൊണ്ടും അവരെക്കാൾ മുന്നണിയിൽ നില്ക്കുന്ന ഈ കൊച്ചിരാജ്യത്ത് ഈ വികൃതിവേഷം പരസ്യമായി കെട്ടേണ്ട ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം. ഇത് അത്യാവശ്യമാണെന്നും ഇതില്ലാഞ്ഞാൽ ബുദ്ധിമുട്ടാണെന്നും പറയുന്നവരോടു് എനിക്കു പറവാനുള്ളത് ഡാക്ടർമാരോടു അവർ ആവശ്യപ്പെട്ടാൽ വേണ്ട കൌശലങ്ങൾ എല്ലാം അവർ പറഞ്ഞുതരുമെന്നു മാത്രമാണ്. എന്നാൽ ഇതിനെ പരസ്യമായി ഈ രാജ്യത്ത് ആശുപത്രികളിൽ ഏർപ്പെടുത്തുന്നപക്ഷം ഇപ്പോൾ ബുദ്ധിമുട്ടു് ഇല്ലാത്തവർക്കുകൂടി ബുദ്ധിമുട്ടു് ഉണ്ടാക്കിതീർപ്പാൻ ഒരു വഴിവെച്ചുകൊടുക്കുകയാണ് നാം ചെയ്യുന്നത്. ഇപ്പോഴത്തെ കാലാവസ്ഥ നോക്കിയാൽ സ്ത്രീകൾക്കു ഭർത്താക്കന്മാരെ കിട്ടുവാൻ വളരെ പ്രയാസമുണ്ട്. അതുപോലെതന്നെ ഭാര്യമാർക്കു ചിലവിനു കൊടുപ്പാൻ നിവൃത്തിയില്ലാത്തതിനാൽ പുരുഷന്മാർ കല്യാണം കഴിക്കാതെയും ഇരിക്കുന്നുണ്ട്. അങ്ങിനെ ഇരിക്കെ ഈ വിദ്യകൂടി പരസ്യമായി ഡാക്ടർമാരെക്കൊണ്ടു പരിശീലിപ്പിക്കുക എന്നുവന്നാൽ ഈ രാജ്യത്തെ മൊറാലിറ്റി അല്ലെങ്കിൽ മാനമര്യാദ എന്നതു തീരെ നശിച്ചുപോകും എന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ടു് ഈ പ്രാകൃതവേഷം ഒന്നും ഈ നാട്ടിൽ നാം കാണിക്കേണ്ട ആവശ്യമില്ലെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. എസ്സ്. കേശവൻനമ്പൂതിരി.—ബഹുമാനപ്പെട്ട അന്തിക്കാട് മെമ്പർ അവർകൾ ഒരു രാജ്യത്തിന്റെ ജനസംഖ്യയെ വർദ്ധിപ്പിക്കുന്നതു് ആ രാജ്യത്തിനു് ഗുണകരമാണെന്നു് പ്രസ്താപിക്കുകയുണ്ടായി. എന്നാൽ ഒരു രാജ്യത്തിന്റെ ശക്തിയെ കണക്കാക്കുന്നതു് അവിടെയുള്ള ജനങ്ങളുടെ എണ്ണം മാത്രം നോക്കിയല്ല. ലോകത്തിലുള്ള ഏതു രാജ്യത്തെക്കാളും ജനസംഖ്യയിൽ മുന്നിട്ടു നില്ക്കുന്നതാണു് ഇന്ത്യാ രാജ്യമെന്നു് നമുക്കറിയാം. പക്ഷെ, ജനങ്ങളുടെ എണ്ണത്തെക്കാളധികം അവർക്കു ശക്തിയായിട്ടു വേണ്ടതു് ത്രാണിയാണു്. പന്നി എന്നു പറയുന്ന മൃഗം ഒരിക്കൽ പ്രസവിക്കുമ്പോൾ അഞ്ചോ, ആറോ കുട്ടിക്കൂറ ഉണ്ടായിരിക്കും. എന്നാൽ ആന കുറെക്കാലം കഴിയുമ്പോൾ മാത്രമേ ഒന്നു പ്രസവിക്കയുള്ളൂ. എന്നാൽ എണ്ണം അധികമുണ്ടാകുന്ന പന്നിയുടെ സമുദായം ആനയുടെ സമുദായത്തേക്കാൾ ശക്തിയുള്ളതാണെന്നു് പറയാറില്ല. ജനസംഖ്യ കൂടുതലാകുമ്പോൾ വിദ്യാഭ്യാസം, ആഹാരം, മുതലായതിനു് ചിലവുചെയ്യുവാൻ ആളുകൾക്കു് സാധിക്കുന്നില്ല. അതുകൊണ്ടാണു് നമ്മുടെ കോടിയോളം ജനസംഖ്യയുള്ള ഈ രാജ്യത്തു് അടിമകളായി നമുക്കു കാലം കഴിക്കേണ്ടിയിരിക്കുന്നതു്. അതുകൊണ്ടു നമുക്കു പ്രധാനമായി വേണ്ടതു് ജനസംഖ്യ വർദ്ധിപ്പിക്കുന്നതിനു പകരം ഉള്ള ജനങ്ങൾക്കു ജീവിതം ശരിയായിട്ടു് കഴിഞ്ഞുകൂടുവാനും അവരെ പൌരമുഖ്യന്മാരാക്കിത്തീർക്കുവാനും വേണ്ട മാർഗ്ഗങ്ങൾ ഉണ്ടാക്കിത്തീർക്കുകയാണു്.

വേറെ ഒരു മെമ്പർ പറഞ്ഞതു് ഇതു് (ഇമ്മോറൽ) സദാചാര വിരുദ്ധമാണെന്നാണു്. സന്തതി നാശം വരുന്നു എന്നാണു് പറയുന്നതു്. വാസ്തവത്തിൽ ഗർഭധാരണത്തിനു് ഒരു ഒറ ബീജത്തിന്റെ ഒരണു മതിയെന്നാണു് ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. ബാക്കി എത്രയോ ജീവനാശം അതുകൊണ്ടുതന്നെ വരുന്നുണ്ടു്.

പിന്നെ ഇങ്ങിനെ പുതുതായിട്ടുള്ള സംഗതികളൊന്നും പ്രത്യേകിച്ചു് നടപ്പാക്കേണ്ട ആവശ്യമില്ല എന്ന പക്ഷക്കാരുമുണ്ടു്. ജനന നിയന്ത്രണം പണ്ടുകാലത്തും ഉണ്ടായിരുന്നു എന്നാണു് പറയുന്നതു്. ഞാൻ വളരെ ശാസ്ത്രങ്ങളൊന്നും നോക്കിയിട്ടില്ലെങ്കിലും ചിലതെല്ലാം വായിച്ചിട്ടുണ്ടു്. ബ്രഹദാരണ്യകോപനിഷത്തിൽ ഇതിനെപ്പറ്റി പറഞ്ഞിട്ടുണ്ടു്.

ഇൻഡ്യയിലെ യോഗ്യന്മാരായ പി. എസ്സ്. ശിവസ്വാമി അയ്യർ, സി. പി. രാമസ്വാമിഅയ്യർ, വെങ്കിട്ടരാമശാസ്ത്രി മുതലായവരൊക്കെ ഇതിനനുകൂലമായിട്ടാണു് പറയുന്നതു്.

വേറെ ഒരു സംഗതി അന്തിക്കാട്ടു മെമ്പർ പറഞ്ഞതു് ആവശ്യമുള്ളവർ ഡാക്ടർമാരുടെ അടുക്കൽ പോകട്ടെ എന്നാണു്. അതു എല്ലാവർക്കും സാധിക്കുന്നതല്ല. വല്ല ചുരുങ്ങിയ വിലയും കൊ

LIBRARY ARCHIVES Kerala Legislative Assembly

ടുത്തു വല്ല പുസ്തകവും വാങ്ങിച്ചു വായിച്ചു പഠിക്കും. അതനുസരിച്ചു പ്രവൃത്തിക്കും. ഒടുവിൽ കായ്മെല്ലാം വളരെ അപായത്തിലാകയും ചെയ്യും. അതുകൊണ്ടു ഞാൻ പറയുന്നതു ജനങ്ങൾക്കു ഈ വിഷയത്തിൽ ശരിയായ ഒരു ജ്ഞാനമുണ്ടാക്കി കൊടുക്കുകയാണു് വേണ്ടതു" എന്നാണു്.

ഇതു് പ്രകൃതിവിരുദ്ധമാണെന്നു ഇവിടെ പറയുകയുണ്ടു. അങ്ങിനെയായാൽ മനുഷ്യർ തന്നെ പ്രകൃതിവിരുദ്ധമായിട്ടാണു് ജീവിക്കുന്നതു. വസ്ത്രം ധരിക്കുന്നതു തന്നെ പ്രകൃതിവിരുദ്ധമാണു്. മൃഗങ്ങൾക്കു അച്ഛനെന്നൊ അമ്മയെന്നൊ സഹോദരങ്ങളെന്നൊ യാതൊരു വിചാരവും കാണുന്നില്ല. എന്നാൽ അതുപോലെ നമുക്കു് ചെയ്യാവുന്നതാണൊ? അതുകൊണ്ടു പ്രകൃതിയെ നോക്കിയിട്ടു കായ്മൊന്നുമില്ല. ഇതിനു വിപരീതം പറയുന്നതു തന്നെ ഭീരുത്വമാണു്. അതുകൊണ്ടു ആക്ടാണു് ഇതിനെപ്പറ്റി ജ്ഞാനം വേണമെന്നുള്ളതു് എന്നു് അനേഷിച്ചു" അതിലേയ്ക്കു ഗവമ്മെണ്ടിൽ നിന്നും ഒരു സ്ഥാപനം ഉണ്ടാക്കേണ്ടതാണു്. ഇതിലേയ്ക്കു ആസ്പത്രിയിൽ തന്നെ വേണ്ട ഏർപ്പാടുകൾ ചെയ്യാമെന്നു ഡാക്ടർ പറഞ്ഞതുകൊണ്ടു് ഞാൻ ഇതിനെ പിന്താങ്ങുന്നു.

*The House rose for the day at 2-30 p. m.*

C. J. MATHEW,
Secretary to the Council.

LIBRARY ARCHIVES Kerala Legislative Assembly